പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1162 | 06.06.2018 ന് മറുപടിയ്ക്ക്.

## കേണൽ നിരഞ്ജൻ സ്മാരക സർക്കാർ ഐ.ടി.ഐ

*ചോദ്യം* | *ഉത്തരം*

ശ്രീ.പി. ഉണ്ണി :

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഒറ്റപ്പാലത്തെ കരിമ്പുഴ കേണൽ നിരഞ്ജൻ സ്മാരക സർക്കാർ ഐ.ടി.ഐ നവീകരണത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | (എ) എലുമ്പുലാശ്ശേരി ഐ.ടി.ഐയുടെ പ്രവർത്തനത്തിനായി 8 തസ്തികകൾ അനുവദിച്ച് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട ഒറ്റപ്പാലം എം.എൽ.എ ആയിരുന്ന ശ്രീ. എം. ഹംസ അവർകളുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച ഒരു കോടി രൂപ ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ എലുമ്പുലാശ്ശേരി ഐ.ടി.ഐയിൽ ഉപകരണ സംഭരണത്തിനായി ആകെ 43,10,400/ രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ഐ.ടി.ഐ.യ്ക്ക് സ്വന്തമായി ഭൂമി ലഭ്യമാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (ബി) എലുമ്പുലാശ്ശേരി ഐ.ടി.ഐയ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ജലവിഭവ വകുപ്പിന്റെ അധീനതയിൽ കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്റ്റിന്റെ കീഴിലുള്ള ഒറ്റപ്പാലം താലൂക്കിൽ വിവിധ സർവ്വെ നമ്പരുകളിൽപ്പെട്ടതും ഒഴിഞ്ഞു കിടക്കുന്നതുമായ ഭൂമിയിൽ നിന്നും 2 ഏക്കർ സ്ഥലം വകുപ്പിന് ഉപയോഗാനുമതി നൽകുന്നതിന് ജലവിഭവ വകുപ്പ് ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം - 1 -ന് നിർദ്ദേശം നല്കിയിട്ടുണ്ട്. പ്രസ്തുത സ്ഥലം വകുപ്പിന് ലഭ്യമാക്കണമെന്നഭ്യർത്ഥിച്ച് പാലക്കാട് ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. ടി സ്ഥലം വകുപ്പിന് ഉപയോഗാനുമതി നൽകുന്നത് സംബന്ധിച്ച് ജലസേചന വകുപ്പ് ലഭ്യമാക്കിയ കരാറുടമ്പടിയുടെ കരട് സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ